പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ

28 (1496) ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതൊക്കെ വകുപ്പുകളിൽ എത്രയൊക്കെ ഒഴിവുകൾ ഏതൊക്കെ തീയതികളിൽ പി.എസ്.സി.യിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

കോഴിക്കോട് ജില്ലയിലെ ഒഴിവുകൾ

29 (1497) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പബ്ലിക് സർവ്വീസ് കമ്മീഷൻ കോഴിക്കോട് ജില്ലയിലെ ഒഴിവുകൾ നികത്തുന്നതിന് തയ്യാറാക്കിയിട്ടുള്ള ഏതെല്ലാം ലിസ്റ്റുകളാണ് ഇപ്പോൾ നിലവിലുള്ളതെന്ന് വെളിപ്പെടുത്താമോ ;

(ബി) ഓരോ ലിസ്റ്റ് തയ്യാറാക്കുമ്പോഴും റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകൾ എത്രയാണെന്നും ലിസ്റ്റിൽ നിന്ന് എത്രപേർക്ക് ഇതിനകം അഡ്വൈസ് മെമ്മോ അയച്ചുകഴിഞ്ഞിട്ടുണ്ടെന്നും വെളിപ്പെടുത്താമോ ;

(സി) മൂന്ന് മാസത്തിനുള്ളിൽ കാലാവധി തീരുന്ന ലിസ്റ്റുകൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

പാലക്കാട് ജില്ലയിലെ എൽ.പി./യു.പി. അസിസ്റ്റന്റ് നിയമനം

30 (1498) ശ്രീമതി ഗിരിജാസുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ എൽ.പി./യു.പി. അദ്ധ്യാപകരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നത് ;

(ബി) ഈ ലിസ്റ്റിൽ നിന്ന് നാളിതുവരെ എത്രപേർക്ക് നിയമനം നൽകുകയുണ്ടായി ?

ഉത്തരം

(എ) 28-9-2002-ൽ നിലവിൽ വന്നു.

(ബി) 50 പേർക്ക് നിയമനം നൽകി.

LIBRARY ARCHIVES Kerala Legislative Assembly